258

# കുട്ടികൾക്കൊരു സുവിശേഷം

## സംഗീതത്തിൽ

(St. Mathew)

268.43
HU

രചനയും സംഗീതവും:

ാ: തോമസ് ററി. തുണ്ടത്തിൽ

രൂപ: 1-25

M/268.43
THN

ACHARYA PALACKAL LEVASSEUR LIBRARY ALWAYE
18022
254

# വി. മാത്യുവിൻെറ സുവിശേഷം

6,8,15

സ്വർഗ്ഗസ്ഥനായ പിതാവേ (3)

1. നിൻ നാമം ഭൂമിയിൽ വാഴ്ത്തപ്പെടണം
നിൻരാജ്യം ഭൂമിയിൽ വളർന്നീടണം
നിൻ സ്വപ്നം ഭൂമിയിൽ വിരിഞ്ഞീടണം
നിൻ ശക്തി ഭൂമിയിൽ കണ്ടീടണം

2. ഞങ്ങൾ തൻ കടങ്ങൾ പൊറുത്തീടണേ
ഞങ്ങൾ തൻ യാചന കേട്ടീടണേ
അന്നന്നാഹം നൽകീടണേ
പരീക്ഷയിൽനിന്നു രക്ഷിക്കണേ

## ഹല്ലേലൂയ്യാ (3)

1. സ്വർഗ്ഗകവാടം തുറന്നവനേ
സ്വർഗ്ഗവരങ്ങൾ ചൊരിഞ്ഞവനെ
മാനവർക്കായ് ജീവൻ വെടിഞ്ഞവനെ
മരണത്തിൽ വിജയം വരിച്ചവനെ.

2. മാലാഖമാർ വാഴ്ത്തും രാജാ രാജാ
ക്രൂശിതനായ് തീർന്ന ദേവാ ദേവാ
പുതിയൊരു ചേതന പകർന്നിടണേ
പുതിയൊരു യുഗം നീ തുറന്നീടണേ

# വി. മത്തായിയുടെ സുവിശേഷം.

2/9
രാജാക്കന്മാരതാ കണ്ടിടുന്നു
കിഴക്കു നിന്നൊരു നക്ഷത്രം
ഉണ്ണിമിശിഹാ കിടന്ന കുടിൽവരേം
അനുഗമിച്ചീടുന്നവൎക്കു മുമ്പിൽ

2/11
അമ്മയുമൊത്തു കിടക്കും ശിശുവിനെ
കുമ്പിട്ടവർ ഭക്ത്യാലാരാധിച്ചു
തങ്ങടെ തൻ നിക്ഷേപ പാത്രം തുറന്നവർ
പൊന്നു മീറാ കുന്തിരിക്കം കാഴ്ചവച്ചു.

3/2
സ്വൎഗ്ഗരാജ്യം സമീപിച്ചിതാ
പശ്ചാത്തപിക്കുവിൻ, യോഹന്നാനരുളി
കൎത്താവിൻ വഴികൾ ഒരുക്കിടുവിൻ
ഊടുവഴികൾ നിരപ്പാക്കുവിൻ

3/10
യോഹന്നാനരുളുന്നു ! വൃക്ഷച്ചുവട്ടിൽ
കോടാലിവെച്ചതറിഞ്ഞില്ലയോ
നല്ലഫലങ്ങൾ കായ്ക്കാത്ത വൃക്ഷങ്ങൾ
വെട്ടിയറഞ്ഞിട്ടാ തീയിലെറിഞ്ഞിടും

3/11
എൻ പിന്നിൽ വരുന്നവൻ എന്നേക്കാൾ വലിയവൻ
ഞാനർഹനല്ലവൻ ചെരുപ്പഴിക്കാൻ പോലും
പരിശുദ്ധാത്മാവാലും അഗ്നിയാലുമവൻ
നിങ്ങൾക്കു മാമോദീസായും നല്കും.

4/4
അവൻ പരീക്ഷകനോടായരുളീ
മനുഷ്യൻ അപ്പം ഭക്ഷിച്ചുമാത്രമല്ല
ദൈവത്തിൻ വായിൽ നിന്നുയിർ കൊണ്ടിട്ടും
വചനത്താലുമല്ലോ ജീവിപ്പിതു്.

5/3-4
ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ
എന്തെന്നാൽ സ്വർഗ്ഗരാജ്യമവർക്കുള്ളതും
ആത്മാവിൽ ദു:ഖിതർ ഭാഗ്യവാന്മാർ
എന്തെന്നാൽ ആശ്വാസമവർക്കുള്ളതും.

5,5,6
ആത്മാവിൽ എളിയവർ ഭാഗ്യവാന്മാർ
ഭൂമിയവർ അവകാശമായ് നേടും
നീതിക്കായ് പൈദാഹം അനുഭവിപ്പവർ
ഭാഗ്യവാന്മാർ അവർ നിത്യം തൃപ്തരാകും

5/7,8
കരുണയുള്ളവർ ഭാഗ്യവാന്മാർ
എന്തെന്നാൽ അവരുടെമേൽ കരുണ ചൊരിയും
ഹൃദയശുദ്ധി കാക്കുന്നോർ ഭാഗ്യവാന്മാർ
എന്തെന്നാൽ ദൈവത്തെ അവർ കാണും.

5/9,10
സമാധാന സ്നേഹികരും ഭാഗ്യവാന്മാർ
എന്തെന്നാൽ ദൈവത്തിൻ പുത്രരാണവർ
നീതിക്കായ് പീഡനം സഹിക്കുന്നവർ
ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യമവർക്കുള്ളതും.

5/11,12
ഞാൻ നിമിത്തം നിങ്ങളെ നിന്ദിച്ചെന്നാൽ
പീഠിപ്പിച്ചെന്നാൽ
ആനന്ദിപ്പിൻ സന്തോഷിപ്പിൻ
സ്വർഗ്ഗത്തിൽ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു.

നിങ്ങൾക്കുമുമ്പുള്ള പ്രവാചകന്മാരെയും
ഈ വിധമന്നവർ പീഡിപ്പിച്ചില്ലയോ.

5/13,14
നിങ്ങൾ ലോകത്തിൻ വെളിച്ചമാകുന്നു
നിങ്ങൾ ലോകത്തിൻ ഉപ്പുമാകുന്നു
മലമേൽ പണിചെയ്ത പട്ടണത്തിന്നോ
മറഞ്ഞിരിക്കാനൊട്ടും കഴിവതല്ല.

5/23,24
വഴിപാടിനായ് നീ ബലിപീഠമണയുകിൽ
നിൻ സോദരൻ നിന്നിൽ വൈരാഗ്യം കാണവെ
വഴിപാടുവെച്ചു നിൻ സോദരൻ പക്കൽ
സമാധാനമേകിയിട്ടാ ബലിയർപ്പിക്കൂ.

5/42,44
തിരസ്കരിച്ചീടല്ലേ വായ്പചോദിപ്പവനെ
ചോദിക്കുന്നവനു നീ ധാരാളമായ് നല്കു.
ശത്രുവെ സ്നേഹിപ്പിൻ ശപിപ്പവനാശിസ്സും
ദ്വേഷിപ്പോർക്കു നന്മയും ചെയ്ക നിങ്ങൾ.

5/46,47
നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ
പ്രതിഫലമെന്താണു നിങ്ങൾക്കതിൽ
സ്വന്തസോദരർക്കേകിൽ സൗഭാഗ്യം നേരുകിൽ
ചുങ്കക്കാരും ഇവ ചെയ്‌വതില്ലേ?

6/6
കതകടച്ചീടുക പ്രാർത്ഥിക്കുമ്പോൾ
മുറിയിൽ രഹസ്യമായ് പ്രാർത്ഥിച്ചീടു.
രഹസ്യമായ് കാണുന്ന നിങ്ങൾ തൻ താതൻ
പരസ്യമായ് പ്രതിഫലം നിങ്ങൾക്കേകും.

6/19,20
ഭൂമിയിൽ നിക്ഷേപം കരുതരുതേ
ചിതലും പുഴവും നശിപ്പിച്ചിടും

ചിതലുകരം കരളാത്ത കള്ളന്മാർ കയറാത്ത
സ്വർഗ്ഗത്തിൽ നിക്ഷേപം നിങ്ങരം കരുതുവിൻ

6/21,22,23
നിങ്ങരം തൻ നിക്ഷേപം എവിടെയാണോ
അവിടെ തൻ നിങ്ങളുടെ ഹൃദയവും
കണ്ണുകരം ദേഹത്തിൻ വിളക്കുകളല്ലയോ
കലർച്ചയില്ലാതായാൽ നിൻ ശരീരം
പ്രകാശനമായ് തീർന്നീടും നൂനം.

6/24
രണ്ടെജമാനന്മാരെ സേവചെയ്‌വാൻ
നിങ്ങരംക്കു സാദ്ധ്യമല്ലതു നൂനം
ഒന്നുകിൽ ഒരുവനെ ദ്വേഷിക്കും പൂർണ്ണമായ്
അല്ലെങ്കിൽ മററവന്നായ് സ്നേഹം മാററും

6/26
ആകാശ പറവകളെ വീക്ഷിക്കുവിൻ
അവകരംക്കു വിതയില്ല കൊയ്ത്തുമില്ല.
സ്വർഗ്ഗത്തിലെ താതൻ പോററുന്നവയെല്ലാം
അവയേക്കാരം നിങ്ങരം ഹാ! ശ്രേഷ്ഠരല്ലേ

6/31
എന്തുപാനം ചെയ്യും എന്തു തിന്നും എന്നോ
എന്തുടുക്കും എന്നോ ചിന്തിക്കേണ്ട
വിജാതിയരല്ലോ ഇവയെല്ലാം തേടുവതു്
സ്വർഗ്ഗതാതൻ ഇവ നിങ്ങരംക്കാവശ്യമായ്
കാണുന്നുണ്ട്

7/1,4
അളക്കുന്ന അളവാലും വിധിക്കുന്ന വിധിയാലും
നിങ്ങരം വിധിക്കപ്പെട്ടുമതു നൂനം
നിൻെറ കണ്ണിൽ തുലാം തുറിച്ചിരിക്കുമ്പോഴും
സോദരൻ കണ്ണിലെ തുരുമ്പിനായ് പോകുന്നോ?

7/7,10
ചോദിപ്പിൻ തരപ്പെട്ടും തേടുവിൻ കണ്ടെത്തും
മുട്ടുന്നവനായ് വാതിൽ തുറക്കപ്പെട്ടും
അപ്പത്തിനായ് കല്ലോ മത്സ്യത്തിനായ് പാമ്പോ
മക്കൾക്കു നൽകുന്നൊരു താതനുണ്ടോ.

7/13,14
ഇടുങ്ങിയ വാതിൽ തെരഞ്ഞെടുക്കൂ
വീതിതൻ വാതിൽ നാശത്തിലേക്കല്ലോ
ജീവൻെറ വാതിൽ ഇടുങ്ങിയതും ഞെരുങ്ങിയതും
അതു കണ്ടെത്തുന്നവരും വിരളമല്ലൊ.

7/15,16
കുഞ്ഞാടിൻ വേഷത്തിൽ വ്യാജപ്രവാചകർ
വന്നിടുമ്പോൾ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ
മുൾച്ചെടിയിൽ നിന്നു മുന്തിരിപ്പഴങ്ങളോ
ഞെരിഞ്ഞിലിൽ നിന്നത്തിപ്പഴമോലഭിച്ചീട്ടു?

7/18,20
നല്ല വൃക്ഷത്തിന്നു ചീത്ത ഫലങ്ങളോ
ചീത്ത വൃക്ഷത്തിന്നു നല്ല ഫലങ്ങളോ
കായ്ക്കുവാൻ കഴിവതില്ലതു തീർച്ച
തീയിൽ എറിഞ്ഞിടും മോശമാം വൃക്ഷങ്ങൾ
ഫലത്തിൽ നിന്നവരെ അറിഞ്ഞു കൊൾക.

7/24,25
എൻെറ ഈ വാക്കുകൾ ശ്രവിച്ചീടുന്നോർ
പാറമേൽ പണിചെയ്ത വീടുപോൽ നിന്നിടും
മഴപെയ്തു നദിയൊഴുകി, കാററുവന്നലട്ടിയി_
ട്ടാ വീടു വീണില്ല പാറമേൽ പണുതതിനാൽ.

8/8
''ശതാധിപൻ താഴ്മയോടരുളീടുന്നു
നീയൊരു വാക്കോതു എൻ ഭൃത്യൻ സുഖമാകും
എൻ ഭവനത്തിലായ് നീ കടന്നീടുവാൻ
ഞാൻ യോഗ്യനല്ലയെൻ കർത്താവേ''

9/12
ചുങ്കക്കാരോടും പാപികളോടും ഒത്തു്
ഭക്ഷണത്തിന്നായവൻ ഇരിക്കുമ്പോൾ
പ്രീശർതൻ അന്തർഗതം അറിഞ്ഞരുളുന്നു.
രോഗികൾക്കല്ലയോ വൈദ്യൻെറയാവശ്യം.

9/13,17
കരുണയാഗ്രഹിക്കുന്നു ബലിയല്ല
പാപികളെയാണത്രെ നീതിമാന്മാരെയല്ല
മണവാളൻ ഉള്ളകാലം മണവറക്കാർക്കു്
ഉപവസിക്കാൻ കഴിയുമോ പ്രീശന്മാരെ
കോടിത്തുണിക്കണ്ടം പഴയ വസ്ത്രത്തിലോ
പുതിയതാം വീഞ്ഞൊരു പഴയ തോൽക്കുടത്തിലോ
ഒഴിച്ചുവയ്ക്കാറുണ്ടോ പ്രീശന്മാരെ,

9/21,22
അവൻെറ വസ്ത്രത്തിൻ വിളുമ്പിൽ മാത്രം
തൊട്ടെന്നാൽ ഞാൻ സുഖം പ്രാപിച്ചിടും
മകളെ നീ പോകുക, സൗഖ്യമായ് പോവുക
നിൻ വിശ്വാസം നിന്നെ രക്ഷിച്ചിതാ.

9/36,37
വലഞ്ഞും ഇടറിയും ഇടയനില്ലാതെയും
കൈവിടപ്പെട്ടപോം ജനതതിയെക്കണ്ടു്
തൻ ശിഷ്യരോടായ് അവൻ അരുളീടുന്നു
കൊയ്ത്തു വളരെ വേലക്കാർ വിരളം

10/9,10
പന്ത്രണ്ടു ശിഷ്യരേം തെരഞ്ഞെടുത്തയക്കുന്നു
ചെരുപ്പോ ഭാണ്ഡമോ കുപ്പായമോ വേണ്ട
വേലക്കാർ അർഹരാം ആഹാരത്തിനായ്

10/16
ചെന്നായ്ക്കൾ തൻ നടുവിൽ കുഞ്ഞാടിനെപ്പോലെ
വിട്ടയക്കുന്നിതാ നിങ്ങളെ ഞാൻ

സർപ്പങ്ങളെപ്പോലെ വിവേകമുള്ളവരും
പ്രാവുകളെപോലെ നിഷ്കളങ്കരുമാകു.

ACHARYA BALAGIRI VEEVASS KENDRA LIBRARY ALWAYE

10/22
എൻ സുവിശേഷത്താൽ എൻ നാമധേയത്താൽ
മാനവർ നിങ്ങളെ ദ്വേഷിച്ചിടും
അവസാനം വരെ സഹിച്ചു നില്ക്കുന്നവർ
ആരോ അവൻ നിത്യം വിജയിച്ചീടും

10/25,25
ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല
യജമാനനേക്കാൾ വലിയ ഭൃത്യനോ ഇല്ല
ശിഷ്യൻ ഗുരുവിനേപോൽ ഭൃത്യൻ യജമാൻ പോൽ
ആകുന്നതു മതി നിങ്ങൾക്കിപ്പോൾ.

11/11
സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ
യോഹന്നാനാണത്രെ ഉന്നതൻ
എന്നാൽ സ്വർഗ്ഗത്തിലെ ചെറുപൈതൽ
അവനേക്കാൾ വലിയവനായിടുന്നു.

11/23
ആകാശത്തോളം ഉയർന്ന കപർനഹോമെ
പാതാളത്തോളം നീ താഴ്ത്തപ്പെടും
നിന്നിൽ നടന്നതാമത്ഭുതങ്ങൾ
സോദോമിലാണെങ്കിലവർ രക്ഷനേടിയേനെ.

11/28,30
ഭാരങ്ങൾ വഹിച്ചും വലഞ്ഞും വരുന്നവരെ
എന്നടുക്കൽ വന്നീടുവിൻ ആശ്വസിപ്പിക്കാം
ഞാൻ ശാന്തശീലൻ വിനീത ഹൃദയൻ
എൻ നുകം മധുരവും ചുമടു ലഘുവും

12/6,12
ശാബത നാളിൽ കൈ ശോഷിച്ചൊരു
മനുഷ്യനെ ക്രിസ്തു സുഖപ്പെടുത്തി

കുഴിയിൽ വീണൊരു ആടിനേക്കാം
മനുഷ്യനെ കരകയററും—ശ്രേഷ്ഠമല്ലോ.

12/33
ഒന്നുകിൽ വൃക്ഷവും ഫലവും നല്ലത്
അല്ലെങ്കിൽ വൃക്ഷവും ഫലവും ചീത്തയാം
വൃക്ഷത്തെ അതിൻ ഫലത്തിൽ നിന്നുമറിയുക
കേരംക്കുവാൻ ചെവിയുള്ളവർ കേട്ടിടട്ടെ.

12/35
നല്ല മനുഷ്യൻ നല്ലവ വിതയ്ക്കും
ചീത്ത മനുഷ്യൻ ചീത്തയും വിതയ്ക്കും
നല്ല നിക്ഷേപം നല്ലവ തന്നീടും
ദുർ നിക്ഷേപം തീയവ തന്നീടും

12/49,50
ശിഷ്യരോടായവൻ അരുളിച്ചെയ്തു
ഇതാ എൻ സോദരൻ എൻെറ അമ്മ
സ്വർഗ്ഗതാതന്നിഷ്ടം നിറവേററുവോർ
ആരോ അവരാണ് സോദരങ്ങരം.

13/3,8
വിതക്കാരൻ വിതച്ചപ്പോരം ചില വിത്തുകരം
വഴിയരികിൽ വീണവ പക്ഷികൊത്തി
പാറയിൽ വീണവ വാടി ഉണങ്ങി
വളക്കൂറിൽ വീണവ പല മേനിനൽകി

13/5,8
സ്വന്തഭവനത്തിലൊ, സ്വന്ത നഗരത്തിലോ
ബഹുമാന്യനാം പ്രവാചകനില്ല
പ്രീശർ തൻ അവിശ്വാസം കണ്ടതിനാൽ യേശു
അത്ഭുതമൊന്നും താൻ ചെയ്തതില്ല.

13/6,8
നിങ്ങരംതൻ പാരമ്പര്യം നിമിത്തം
ദൈവവചനം നിങ്ങരം വ്യർത്ഥമാക്കുന്നു

എന്നിൽനിന്നകന്നുപോയ് നിങ്ങടെതൻ ഹൃദയങ്ങൾ
അധരത്തിൽ മാത്രമായ് ബഹുമാനിക്കുന്നെന്നെ.

13/15,21
കർത്താവരുളുന്നു പുരുഷാരമിരിക്കട്ടെ ഇലകൾ
നിരത്തട്ടെ
ദൈവത്തിൻ ശക്തിയുമറിഞ്ഞിടട്ടെ
അഞ്ചപ്പവും മീനും കൈകളിലേന്തി
വാഴ്ത്തി വിഭജിച്ചാ ജനത്തിനേകി

13/45
വ്യാപാരി വിലയേറിയ മുത്തുകണ്ടു
തനിക്കുള്ളവ വിററിട്ടാ മുത്തുവാങ്ങി
അതുപോലെ നമ്മൾ സ്വത്തു വിററ്
സ്വർഗ്ഗരാജ്യമാം മുത്ത് വിലയ്ക്കെടുക്കാം.

15/9
മാനവ കല്പനകളാമുപദേശങ്ങൾ
പഠിപ്പിച്ചു വ്യർത്ഥമായ് സേവിക്കുന്നെന്നെ
എൻ സുവിശേഷങ്ങൾ ആത്മാർത്ഥമായ് കേൾക്കുക
എൻ കല്പനകൾ നിങ്ങൾ പാലിച്ചീടു.

15/13,14
സ്വർഗ്ഗതാതൻ നടാത്തതാം വൃക്ഷമെല്ലാം
വേരോടെ പിഴുതു ഞാനെറിഞ്ഞീടും
കുരുടൻ കുരുടനെ വഴിനടത്തുന്നെങ്കിൽ
ഇരുവരും കുഴിയിൽ പോയ് വീണീടും.

15/26,27
കാനാൻ കാരിയോടരുളീടുന്നു
നായ്ക്കൾക്കു നൽകുമോ മക്കൾതൻ അപ്പം
മേശയിൽ നിന്നു വീണിടുമപ്പം
നായ്ക്കളും ഭക്ഷിച്ചു ജീവിക്കട്ടെ.

15/26
ലോകം മുഴുവൻ നേടുകെന്നാൽ
ആത്മാവു നശിക്കുകിലെന്തുഫലം
അതിന്നു പകരമായ് എന്തുകൊടുക്കും?
അതിന്നുത്തരമായും എന്തുപറയും?

17/4
മൂന്നു കൂടാരങ്ങൾ നിർമ്മിച്ചിട്ട്
ഇവിടെ നാം ഇരിപ്പതു നല്ലതല്ലൊ
ഒന്നു നിനക്കേകാം ഒന്നു മൂശയ്ക്കേകാം
ഏലിയാവിന്നുമൊന്നു ഞാൻ നിർമ്മിച്ചീടാം.

17/19,20
കടുകുമണിയ്ക്കുതുല്യമാം വിശ്വാസമുണ്ടേൽ
നിങ്ങൾക്കീ മലകൾ മാററിമറിച്ചീടാം.
പ്രാർത്ഥനയും ഉപവാസവും കൊണ്ടുമാത്രമെ
പൈശാചിക വേലകൾ അകലുകയുള്ളു.

18/3,4
പൈതങ്ങളെപോലെയാകുന്നില്ലേൽ
സ്വർഗ്ഗത്തിൽ നിങ്ങൾക്കു സ്ഥാനമില്ല.
പൈതലെപ്പോലെ നീ താഴുമെങ്കിൽ
സ്വർഗത്തിലുന്നതനായിത്തീരും.

18/12
ഒരുവനു നൂറാടുകൾ ഉള്ളതിലൊന്ന്
വഴിതെററിപോയാലവനെന്തു ചെയ്യും
തൊണ്ണൂററൊമ്പതിനേം വിട്ടിട്ടവനാ
കാണാതെ പോയതിനെ തിരയുകയില്ലെ.

18/19
രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ
ഒരുമിച്ചുകൂടുമ്പോൾ അവിടെ ഞാനുണ്ട്
സമൂഹം ഒന്നിച്ചു ചോദിച്ചാൽ സ്വർഗത്തിലെ താതൻ
നല്കാത്തതായ് നിങ്ങൾ കേട്ടിട്ടുണ്ടോ?

18/33,34
ദുഷ്ടനാം ഭൃത്യാ ഞാൻ നിന്നോട്ട ക്ഷമിച്ചപോൽ
നിൻെറ കടം ഞാനിളച്ചതുപോൽ
നിൻ കടക്കാരോട്ടം കരുണ കാണിക്കേണ്ടെ,
നീ കടം വീട്ടുംവരെ പീഡിപ്പിക്കപ്പെടും.

18/21
പരിപൂർണ്ണനാകുവാൻ മനസ്സുണ്ടേൽ
പോയ് നിൻ മുതൽവിററു ദരിദ്രക്കേക്കു
സ്വർഗത്തിൽ നിക്ഷേപം നിനക്കുനേടാം
എന്നിട്ടെൻ പിന്നാലെ വന്നീടുക.

19/29
മാതാപിതാക്കളേം സഹോദരങ്ങളേം
മക്കളേയും നിലവുമുപേക്ഷിപ്പവൻ
ഒന്നിന്നു നൂറായ് ഇവിടെ ലഭിച്ചിടും
നിത്യമാം ജീവനുമവൻ നേടും.

21/31
പ്രീശന്മാരോടായീശോയരുളീടുന്നു; ചുങ്കക്കാരും
വേശ്യം
സ്വർഗത്തിൽ നിങ്ങൾക്കു മുമ്പായ് കടന്നീടും.
വയലിൽ വേലക്കായ് തനയരെയയച്ചൊരു
കൃഷിക്കാരനുപമയും അവിടുന്നരുളി.
ഒന്നാമൻ താതൻെറയിഷ്ടം പ്രവത്തിച്ചു
രണ്ടാമൻ താതൻെറ വാക്കും പാലിച്ചില്ല.

21/41,42
പണിക്കാർ തഴഞ്ഞ കല്ല് പ്രധാന മൂലക്കൽ
ഇവയെല്ലാം നടന്നതു് കത്താവിൻ കരങ്ങളാൽ
മുന്തിരിത്തോട്ടത്തിൻ കഥ നിങ്ങളോക്കുവിൻ.

22/17,21
പ്രീശന്മാരന്നവർ ചോദിച്ചു
കേസറിനു തലവരി കൊടുക്കണമോ

ദേനാറാ കണ്ടശേഷം കേസറിൻെറ കേസറിന്നും
ദൈവത്തിൻെറ ദൈവത്തിന്നും കൊടുത്തിടാന
വനരുളി.

22/37,39
പൂൎണ്ണ ഹൃദയത്തോടും പൂൎണ്ണാത്മാവോടും കൂടി
ദൈവമാം കൎത്താവിനെ സ്നേഹിക്കണം
അതുപോലെ തന്നെ നിന്നയല്ക്കാരനെയും
നിന്നെപ്പോലെയും സ്നേഹിക്കണം.

23/4,7
''പ്രീശന്മാരോടായീശോ അരുളിടുന്നു
ഭാരമുള്ള ചുമടുകൾ അന്യരിലേല്പിക്കും
ചെറുവിരൽ പോലുമവർ അനക്കുകില്ല
മനുഷ്യരാൽ കാണുവാൻ ജോലിചെയ്യും.
നെററിപ്പട്ടങ്ങൾക്കു വീതികൂട്ടും
കുപ്പായ തൊങ്ങലുകൾ നീട്ടിടുക്കും
വിരുന്നുകളിൽ മുഖ്യമാം സ്ഥാനം നേടും
തെരുവീഥികളിൽ വന്ദനം ഇച്ഛിക്കുന്നു.
റബ്ബീ എന്നു വിളിച്ചിടാനാഗ്രഹിക്കുന്നു.
നിങ്ങൾതൻ പ്രാൎത്ഥനകൾ ദീൎഘമാക്കി
വിധവകൾ തൻ ഭവനങ്ങൾ വിഴുങ്ങീടുന്നു''

23/14,15
പ്രീശന്മാരോടായീശോ അരുളീടുന്നു
സ്വൎഗ്ഗോന്മുഖരായ് നീങ്ങും മാനവരെ
തടഞ്ഞിടുന്നു, സ്വൎഗ്ഗം അടച്ചിടുന്നു.

23/23
തുളസിയിൽ, ജീരകത്തിൽ ചതക്കുപ്പയിൽ
നിങ്ങൾ ദശാംശം കൊടുത്തിടുന്നു.
നീതിയും കരുണയും വിശ്വാസവും
വിട്ടുകളഞ്ഞു നടന്നീടുന്നു.

25/1,13

മണവാളനെ സ്വീകരിക്കാൻ പത്തുകന്യകമാർ
വിളക്കെടുത്തെത്തിരേല്പിന്നായി പോയി
ബുദ്ധിയുള്ള കന്യകമാരെണ്ണ സൂക്ഷിച്ചിതാ
ബുദ്ധിയില്ലാ കന്യകമാർ ശ്രദ്ധിച്ചതുമില്ല.

25/35,36

എനിക്കു വിശന്നപ്പോരം ഭക്ഷണം തന്നു
എനിക്കു ദാഹിച്ചപ്പോരം ജലമരുളി
ഇവരിൽ ചെറിയവനായ് നൽകിയപ്പോഴെല്ലാം
എനിക്കുതന്നെയാണ് നിങ്ങരം നൽകിയതു്.

26/20

സ്നേഹിപ്പിൻ നിങ്ങരം അന്യോന്യമിതുപോൽ
എൻ ശിഷ്യർ നിങ്ങരംക്കടയാളമിനിമേൽ.

1. അന്നൊരാ രാവിൽ അത്താഴ നേരത്തായ്
കുഞ്ഞിളം തെന്നലിൽ നീയുച്ചരിച്ചു.

2. വാരൊളി ചന്ദ്രിക പൂത്തുവിതാനിക്കെ
വാർമഴ വില്ലിൽ നീ കുറിച്ചുവെച്ചു.

3. പാതിരപൂവുകരം മെല്ലെയുണർന്നുമ്പോരം
പഞ്ചമി രാഗത്തിൽ നീ പാടുകയായ്

4. ഇളനീർ കലശവും തുമ്പപ്പൂ ചാർത്തുമായ്
ഉഷ:കാല സൂര്യനിന്നുരിയാടിടും

5. കദളീഫലങ്ങളും കർപ്പൂര നാളവുമായ്
കൈകോർത്തു ഞങ്ങളിന്നിറങ്ങിടുമ്പോരം

6. കാർമേഘ പടലങ്ങരം കല്ലോലതീരവുമീ
സായാഹ്നവേളയിലോർമ്മിക്കുന്നു.

7. കാലചക്രത്തിൻെറ കണ്ണുനീർ മുത്തുകരം
കാൽവരിക്കുന്നിനെ ശ്രവിച്ചിടുന്നു:

26/27
കപടഭക്തരെ നിയമജ്ഞരെ
നിങ്ങൾക്കു ഹാ കഷ്ടം എന്തെന്നാൽ
പുറമെ ഭംഗിയും വെണ്മയുമുള്ളവർ
അകമേ മ്ലേച്ഛതയും ശവക്കല്ലറകളും

26/40
ദേവാലയം തകർത്തു മൂന്നു ദിവസത്തിൽ
പണിയുന്നവനേ ഇറങ്ങിവരൂ
ദൈവത്തിൻ പുത്രനാകുന്നെങ്കിൽ നീയിന്ന്
നിന്നെതന്നെ നീ രക്ഷിച്ചാലും

27/19
ആകയാൽ നിങ്ങൾ പോയ് സർവ്വ ജനത്തേയും
ശിഷ്യപ്പെടുത്തുക സത്യവാക്കാൽ
താതൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും
നാമത്തിൽ മാമോദീസായും നൽകൂ.

## 1 ക്രിസ്മസ്സ് ഗാനങ്ങൾ

1. മണ്ണിൽ മനുഷ്യനായ് തീർന്ന ഉണ്ണി
മനസ്സിൽ കുളിരല തീർത്ത ഉണ്ണി
മധുരപ്രതീക്ഷകൾ നെയ്ത ഉണ്ണി
മംഗളം മാനവർക്കേകിത്ത ഉണ്ണി - ഹല്ലേലൂയ്യാ (3)

2. ആനന്ദ സാഗരം തീർത്ത പൈതൽ
ഞാനെന്നഭാവം തകർത്ത പൈതൽ
മാനവ ജീവിതം നയിച്ച പൈതൽ
ദാനങ്ങൾ ശീലമായ് ജപിച്ച പൈതൽ

## 2 പരിശുദ്ധൻ (3)

1. ജറുസലം പുരികളിൽ ഓശാന
മലരണിക്കുന്നുകളിൽ ഓശാന
ആബാലവൃന്ദങ്ങൾ പാടുന്നു
അത്യുന്നതന്നായ് ഓശാന

2. കല്ലിലും മുള്ളിലും നടന്നിടുമ്പോഴും
ജീവിതത്തോണികഠം തുഴഞ്ഞിടുമ്പോഴും
അനുദിന ജീവിത ക്ലേശങ്ങളാൽ
മാനവർ ഭൂമിയിൽ ഉഴറിടുമ്പോഴും

## 3 സ്നേഹം

1. പ്രഭാത മലരുകഠം പുഞ്ചിരിച്ചു
പ്രഭാതസൂര്യൻെറ വരവുകണ്ടു്
പ്രപഞ്ചമാകെ പുളകിതമായ്
മാലാഖമാരുടെ ഗാനം കേട്ടു്
2. സ്നേഹം പൂമൊട്ടുപോൽ വിരിഞ്ഞു
അതിൻെറ സൗരഭ്യം പാരിൽ പരന്നു
പൂമൊട്ടിന്നിതളിലെ പൂമ്പൊടി തേടിയാ
മാലോകർ സന്നിധി വന്നണഞ്ഞു.
3. സ്നേഹം മാത്രമായ്തീർന്ന പൈതൽ
ദാഹം തീർക്കുന്ന മാനവർ തൻ
ആ ചെറു കുടിലിലെ പുൽമെത്തയിൽ
ഒരു കൊച്ചുദീപമായ് വന്നുദിച്ചു.

## 4

1. നീലതടാകത്തിൽ താമര വിരിഞ്ഞു
നീലാകാശത്തിൽ താരങ്ങളുദിച്ചു
ആലിലപോലെ വിറയൽ പൂണ്ടു്
കാലിത്തൊഴുത്തിൽ ഉണ്ണിപിറന്നു
2. മാനസ സാരസ കതിർ മണ്ഡപങ്ങഠം
സ്വർഗ്ഗപ്രഭയിൽ കോരിത്തരിച്ചു.
ആയിരം വർഷങ്ങഠം കാത്തുണർന്നീടുന്ന
പിതാക്കന്മാരിലന്നാശയുദിച്ചു
3. ജീവിത കടൽകോഠം തെന്നിയകന്നു
ഹൃദയ കോവിലിൽ കനകം വിരിഞ്ഞു.

ജന്മജന്മാന്തരങ്ങളായ് പ്രതീക്ഷിച്ചൊരു
ദൈവത്തിൻ പുത്രൻ ഭൂജാതനായ്

5

മാലാഖമാരവർ അന്നുപാടി
ദൈവത്തിൻ പുത്രന് ഹല്ലേലൂയ്യാ
മാനവ ഹൃദയങ്ങൾ ഏറ്റു പാടി
അത്യുന്നതങ്ങളിൽ ദൈവത്തിന്നായ് സ്തുതി

ഒരു യുഗം നമ്മിൽ പിറക്കുന്നു
പുലരികൾ പലനിറം ചൂടുന്നു.
കടലലകൾ മാറി ശാന്തമായ്
കുടിലുകളന്നു സുഭിക്ഷമായ്.

അന്തരമില്ലിന്നു മാനവരിൽ
അന്ധതയോ ഇന്നു ഭൂവിലില്ല
അവികലമായ് അണിനിരന്നു
മാനവർ ശിശുവിനെ സ്വീകരിക്കാൻ

6

1. കാലത്തിൻ കണ്ണികൾ കവിതകൾ പാടി
താളത്തിൽ പുഷ്പങ്ങൾ പുഞ്ചിരി തൂകി
ഭൂലോക വീഥികൾ ശാന്തിയിൽ മുങ്ങി
മാലോകർ ഉണ്ണിയെ ഉന്നതനായ് വാഴ്ത്തി
2. മാലാഖ മധുരിതമായ് മഞ്ജരിപാടി
മാനത്തെ കുയിലുകളവയേറ്റു പാടി
ഭൂമിയിൽ സമാധാനപുഞ്ചിരി വിരിഞ്ഞു.
ഹൃദയത്തിൽ കാഴ്ചയുമായ് രാജാക്കൾ വന്നു
3. സ്വർഗ്ഗത്തിൻ വാതിലുകൾ തുറന്നുനിന്നു
ഭൂമിയിൽ സ്വർഗ്ഗീയ തിരകളുയർന്നു
മണ്ണിലും വിണ്ണിലും മന്ദസ്മിതം തിങ്ങി
സ്വർഗ്ഗീയ അരുവികളായ് ഭൂലോകം ഒഴുകി

7 ഉയിർപ്പുഗാനം

1. സ്നേഹത്തിൻ ഗീതങ്ങൾ മുഴങ്ങി
ത്യാഗത്തിൻ ചോലകളൊഴുകി
ജ്ഞാനത്തിൻ പാതകൾ തുറന്നു
സ്നേഹാധിരാജനുയിർത്തു
ഹല്ലേലൂയ്യാ (3)

2. മാനവ ഹൃദയത്തിരി തെളിഞ്ഞു
പുതിയൊരു ചേതന കവിഞ്ഞൊഴുകി
ത്യാഗം സ്നേഹത്തിൻ ബലിപീഠമായ്
സ്നേഹം ലോകത്തിൻ മണിദീപമായ്

8

1. മനതാരിൻ മലർ കുരുത്തുപൊങ്ങി
അകതാരിൽ കുളിർ പുളകം ചാർത്തി
ജഗദീശൻ വഴിതുറന്നുകൊണ്ടോ
മനുജരിലിമ്പം പകന്നു തന്നു

2. കണ്ണീർ മുത്തുകൾ കവിഞ്ഞു പൊങ്ങി
കരളിൽ കവിതകളീണം മീട്ടി
പുതിയൊരു വാനവും ഭൂമിയുമീശൻ
നമുക്കു നീണാൾ തുറന്നുതന്നു

3. മനുഷ്യ ജീവിത മലർ വാടിയിലായ്
മധുര പ്രതീക്ഷകൾ തിളച്ചു പൊങ്ങി
മന്ദസ്മിതങ്ങൾ ഉദിച്ചുപൊങ്ങി
മാനവയധര തലങ്ങളിലന്ന്

9

1. മാനവ ജീവിത നാല്ക്കവലയിലായ്
പുതിയൊരു ചൂണ്ടുപലക ഉയന്നു
രക്ഷതൻ വഴിയാണേലിതിലേ നടക്കു
നാശത്തിൻ വഴിയാണേലതിലേ നടക്കു

2. ജീവൻ ബലിയായയർപ്പിച്ച
ഈവിധമൊരു വഴി തുറക്കുവാൻ
ജ്ഞാനം ശിശുവായവതരിച്ച
ഈ വിധം നമ്മെ രക്ഷിപ്പാൻ

3. കാൽവരി മുമ്പിൽ നില്ക്കുന്നു
കദനം നീക്കി കുളിർ വീശി
സ്നേഹത്തോടെ ക്ഷണിക്കുന്നു
ത്യാഗത്തിൻ വഴിനടക്കുവാൻ

## കരിസ്മാററിക് ഗാനങ്ങൾ

1. പാവന സ്നേഹത്തിന്നരുവികൾ
ചൊരിയുക മാമക പാവനാ
സ്നേഹത്തിൻ ജ്വാലകൾ കൊളുത്തീടുക
വരദാനങ്ങൾ പൊഴിഞ്ഞീടുക.

2. പാവനാത്മാവേ പാവന രൂപാ
പദാംബികെ ഞങ്ങൾ ഒന്നുചേരാം
ഹൃദയം ജ്വലിപ്പിക്കൂ, ഹൃദയം നിറച്ചീട്ട
താവക സ്നേഹത്താൽ വിജ്ഞാനത്താൽ (3)

3. സ്നേഹം പകരാൻ സ്നേഹത്തിൽ വളരാൻ
പരിശുദ്ധാത്മാവേ എഴുന്നള്ളിയാലും
ഒരു കൊച്ചു തിരിപോൽ അഗ്നികുടീരംപോൽ
ഹൃദയം ജ്വലിപ്പിക്കാൻ വന്നണഞ്ഞാലും (4)

4. സ്നേഹവും, സത്യവും ശക്തിയും ഞങ്ങളിൽ
മുക്തമായ് വളരുവാൻ നീയണഞ്ഞാലും
സ്നേഹത്തിൻ ശക്തിയും ത്യാഗത്തിൻ
ദീപ്തിയും
ഞങ്ങളറിഞ്ഞീടാൻ നീയണഞ്ഞാലും (5)

5. സ്നേഹ പ്രഭാ പൂരിതാ
സ്നേഹോജ്വലാ പാവനാ
മമഹൃദയക്കളിരേ
തവ ഭരണം ജയിച്ചാലും (44)

6. പാവനാത്മാ സ്നേഹാഗ്നി
പാരിൽ പ്രകാശമായ് തീന്ന ദ്രൂപി
പാവനാത്മാ പാരിൻ മാർഗ്ഗം
പ്രകാശ വരനിര ചൊരിയണമേ (46)

7. പാവനരൂപാ പാരിൻകൃപാ
മനതാരിൽ കൃപയരുളേണം
താവകസ്നേഹം തവസുതരിൽ
പൊഴിയുകവേണം അനുദിനവും (53)

8. പാവന ഈ നിശയാം വേളയിൽ
വിശ്വാസ ദീപം കൊളുത്തീടുക
ആശ്വാസ വചസ്സുകളരുളീടുക
അനശ്വരമമാമെൻ മനതാരിൽ (58)

9. പാവന സ്നേഹത്തിൻ വരങ്ങളേകു
താവക സുതരിവർക്കനുദിനവും
മാമക ഹൃദയത്തിൻ കൂരിരുൾ നീക്കു.
മനതാരിൽ ശാശ്വത ശാന്തി വിതക്കൂ

10. In our hearts and Soul
We preiese you Loard (3)

11. Jesus we are weak
jesus we are stinchy
jesus we are narrow minded
help us to widen our hearts

12. What we are going to lose
what we are going to win
what we are going to share
jesus make us to understand.

13. Jesus Jesus O my Jesus
teach us to Pray and to love

14. We have come to join with you
we have come to share with you
we have come to speak with you
and we have come to live with you
speak speak speak to us!

15. Jesus we are so jealous
to our friends' growth and succes
Jesus we are so narrow minded
to encourage our brothers and sisters

16. We have come to love you
leaving all our property
but now we cling to little things
and we are so cruel to our brothers

17. Worship and sing, praise and honour
our friend Jesus, our friend Jesus,

18. Give thanks to the Lord
for His great love
give thanks to the Lord
for His great mercy.

—0—

1. നന്ദിയോതിടുന്നു ഞങ്ങൾ ദേവാ ദേവാ
നിൻ ദിവ്യ ദാനങ്ങൾക്കായ്_നിരതം
നിൻ സ്തുതികൾ പാടിടുന്നു ദേവാ ദേവാ
നന്മകൾതൻ നൽവരങ്ങൾ തൂകിടാനായ്

2. ആകാശ വീഥികളിൽ തിരികൾ തെളിഞ്ഞു
ആത്മാവിൻ മണിയറകൾ അണിഞ്ഞൊരുങ്ങി
ദേവന്റെ ദേവനായ് രാജാധിരാജനായ്
സ്തോത്രമാലയണിയിക്കാനണിഞ്ഞൊരുങ്ങി
ജീവിതത്തിൻ സൽഫലങ്ങൾ നേർന്നിടുന്നു
ആത്മാവിന്നഭിലാഷ ചഷകങ്ങളിൽ

3. മാനസ വീണകളിൽ ശ്രുതികൾ ഉണർന്നു
ആത്മാവിന്നെരിതിരിയായ് ഹൃദയമൊരുങ്ങി
ആത്മാവിൻ കോവിലിൽ ആരാധ്യദീപവു
മായ്
ഭൂതലത്തെ ഉണർത്തുവാൻ ഞങ്ങൾ വരുന്നു
സ്തോത്രമാല ഗീതവുമായ് ഇറങ്ങി ഞങ്ങൾ
സാഹോദര്യത്തിന്റെ കല്പടവിൽ

# സരള വരിശകൾ

ആദിതാളം — മായാമാളവഗൗള

| | × | 1 | 2 | 3 | × | √ | × | √ |
|---|---|---|---|---|---|---|---|---|
| | സരി | സരി | സരി | ഗമ | സരി | ഗമ | പധ | നിസ |
| | സനി | സനി | സനി | ധപ | സനി | ധപ | മഗ | രിസ |
| 2. | സരി | ഗസ | രിഗ | സരി | സരി | ഗമ | പധ | നിസ |
| | സനി | ധസ | നിധ | സനി | സനി | ധപ | മഗ | രിസ |
| 3. | സരി | ഗമ | സരി | ഗമ | സരി | ഗമ | പധ | നിസ |
| | സനി | ധപ | സനി | ധപ | സനി | ധപ | മഗ | രിസ |
| 4. | സരി | ഗമ | പാ | സരി | സരി | ഗമ | പധ | നിസ |
| | സനി | ധപ | മാ | സനി | സനി | ധപ | മഗ | രിസ |
| 5. | സരി | ഗമ | പധ | സരി | സരി | ഗമ | പധ | നിസ |
| | സനി | ധപ | മഗ | സനി | സനി | ധപ | മഗ | രിസ |
| 6. | സരി | ഗമ | പധ | നിാ | സരി | ഗമ | പധ | നിസ |
| | സനി | ധപ | മഗ | രിാ | സനി | ധപ | മഗ | രിസ |
| 7. | സരി | ഗമ | പമ | ഗരി | സരി | ഗമ | പധ | നിസ |
| | സനി | ധപ | മപ | ധനി | സനി | ധപ | മഗ | രിസ |
| 8. | സരി | ഗമ | പമ | ധപ | സരി | ഗമ | പധ | നിസ |
| | സനി | ധപ | മപ | ഗമ | സനി | ധപ | മഗ | രിസ |
| 9. | സരി | ഗമ | രിഗ | മപ | സരി | ഗമ | പധ | നിസ |
| | സനി | ധപ | നിധ | പമ | സനി | ധപ | മഗ | രിസ |
| 10. | സരി | സഗ | രിമ | ഗമ | സരി | ഗമ | പധ | നിസ |
| | സനി | സധ | നിധ | പധ | സനി | ധപ | മഗ | രിസ |
| 11. | ഗരി | സമ | ഗരി | പമ | സരി | ഗമ | പധ | നിസ |
| | ധനി | സപ | ധനി | മപ | സനി | ധപ | മഗ | രിസ |
| 12. | ഗരി | മഗ | പമ | ധപ | സരി | ഗമ | പധ | നിസ |
| | നിസ | ധനി | പധ | മപ | സനി | ധപ | മഗ | രീസ |

13. സഗ രിമ ഗപ മധ സരി ഗമ പധ നിസ
സധ നിപ ധമ പഗ സനി ധപ മഗ രിസ

14. സരി ഗമ സനി ധപ പധ നിസ മഗ രിസ

15. മഗ രിസ പധ നിസ സനി ധപ സരി ഗമ

ACHARYA PALACKAL JEEVASS KENDRAM ALWAYE LIBRARY 10815

—0—

N. B:- ഇതിലെ ഗാനങ്ങൾ Casette Tape കളിൽ റിക്കാർഡുചെയ്തുകൊടുക്കുന്നതാണ്. മണിക്കൂറിന്ന് 5 രൂപ.

**Fr. Thomas T. Thundathil**
**St. Thomas Church**
**Amalapuri**
**Calicut-673 001**

IDEAL PRINTERS
KALLAI ROAD
CALICUT-673002

# കുട്ടികൾക്കൊരു സുവിശേഷം

## സംഗീതത്തിൽ

(St. Mathew)

/268.43
THU

രചനയും സംഗീതവും:
ാ: തോമസ് ററി. തുണ്ടത്തിൽ

രൂപ: 1-25